# സംസ്ഥാന ആസൂത്രണ ബോർഡ്

നം: എസ്.പി.ബി-ഇ.എസ്.റ്റി/152/2026-ഇ3

തീയതി: 26-05-2026

## വിജ്ഞാപനം

**വിഷയം:** സംസ്ഥാന ആസൂത്രണ ബോർഡ് - ജീവനക്കാര്യം – അറ്റൻഡർ ഗ്രേഡ് II (നോൺ-ടെക്നിക്കൽ) തസ്തികയിലേക്ക് തസ്തികാമാറ്റം മുഖേന നിയമനം നടത്തുന്നതിനായി അർഹരായ ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

**സൂചന:**
1. സ.ഉ.(അച്ചടി).നം.249/73/പിഡി, തീയതി: 14.09.1973.
2. സ.ഉ.(അച്ചടി).നം.9/93/ പി&എആർഡി, തീയതി: 15.01.1993.
3. 29.05.2025 തീയതിയിലെ എസ്.പി.ബി-ഇ.എസ്.റ്റി/66/2025-ഇ3 നമ്പർ ഉത്തരവ്.

സംസ്ഥാന ആസൂത്രണ ബോർഡിലെ അറ്റൻഡർ ഗ്രേഡ് II (നോൺ-ടെക്നിക്കൽ) തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നടത്തുന്നതിനായി താഴെ പറയുന്ന യോഗ്യതകളുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

**യോഗ്യത:**

(എ)
1. ഏഴാം ക്ലാസ് വിജയം അല്ലെങ്കിൽ തത്തുല്യ യോഗ്യത.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന അറ്റൻഡർ ടെസ്റ്റ് വിജയിച്ചിരിക്കണം.

**അല്ലെങ്കിൽ**

(ബി)
1. 5 വർഷത്തിൽ കുറയാത്ത സർക്കാർ സേവനം.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന അറ്റൻഡർ ടെസ്റ്റ് വിജയിച്ചിരിക്കണം.

**കുറിപ്പ്:** എസ്.എസ്.എൽ.സി വിജയം അല്ലെങ്കിൽ തത്തുല്യ യോഗ്യതയും 3 വർഷത്തിൽ കുറയാത്ത സർക്കാർ സേവനവുമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ അറ്റൻഡർ ടെസ്റ്റ് വിജയിക്കേണ്ട ആവശ്യമില്ല.

അപേക്ഷകൾ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്,

സമ്മതപത്രം എന്നിവ സഹിതം ഓഫീസ് മേലധികാരി മുഖേന 02.06.2026-ന് മുമ്പായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. മേൽപ്പടി സമയ പരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. സമയ പരിധിയ്ക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും പരാമർശം (3) സീനിയോരിറ്റി ലിസ്റ്റ് പ്രകാരമുള്ള ഏറ്റവും സീനിയറായ ജീവനക്കാരന്/ ജീവനക്കാരിക്ക് അറ്റൻഡർ ഗ്രേഡ് II (നോൺ-ടെക്നിക്കൽ) തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നതാണ്.

Digitally signed by
ASEEM A
Date: 26-05-2026
17:23:08

**അസീം.എ**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**(മെമ്പർ സെക്രട്ടറിക്ക് വേണ്ടി)**

പകർപ്പ്:

1. സംസ്ഥാന ആസൂത്രണ ബോർഡിലെ എല്ലാ സെക്ഷനുകൾക്കും.
2. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്കും.
3. ഐ.ടി വിംഗ് (വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. സി.എ. റ്റു സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. ഓഫീസ് കോപ്പി/ കരുതൽ ഫയൽ.
6. നോട്ടീസ് ബോർഡ്.